ഉത്തരം

(എ) സംസ്ഥാനത്ത് 64 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളും 8 സ്വാശ്രയ മെഡിക്കൽ കോളേജുകളും ഉണ്ട്.

(ബി) ന്യൂനപക്ഷ പദവി നൽകിയിട്ടുള്ള എഞ്ചിനീയറിംഗ് കോളേജ് ഒരെണ്ണം ഉണ്ട്. മെഡിക്കൽ കോളേജ് ഇല്ല.

(സി) ന്യൂനപക്ഷ പദവി ലഭിച്ച എഞ്ചിനീയറിംഗ് കോളേജിന്റെ മാനേജ്മെന്റിന് 50% വിദ്യാർത്ഥികളെ മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നടത്തുന്നതിനുള്ള അവകാശം ഉണ്ട്.

(ഡി) ഇപ്പോൾ നിലവിലുള്ള നിയമമനുസരിച്ച് എല്ലാ സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾക്കും 50% വിദ്യാർത്ഥികളെ മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നൽകാൻ അനുമതി നൽകിയിട്ടുണ്ട്.

സ്വാശ്രയ കോളേജുകളുടെ പ്രവർത്തനത്തിന് കമ്മിറ്റി

122 [674] ശ്രീ. കെ. പി. വിശ്വനാഥൻ:
„ വർക്കല കഹാർ:
„ ഡി. സുഗതൻ:
„ കെ. മുഹമ്മദാലി:
„ എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളുടെയും മെഡിക്കൽ കോളേജുകളുടെയും ഫീസ് ഘടന, ഇവയിലേക്കുള്ള പ്രവേശനം, എൻട്രൻസ് പരീക്ഷ മുതലായവ സംബന്ധിച്ച കാര്യങ്ങൾക്കുവേണ്ടി എത്ര കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്;

(ബി) പ്രസ്തുത കമ്മിറ്റികളിലെ അംഗങ്ങൾ ആരെല്ലാമാണ്;

(സി) ഇവ സ്ഥിരം കമ്മിറ്റികളാണോ അതോ താൽക്കാലിക കമ്മിറ്റികളാണോ;

(ഡി) പ്രസ്തുത കമ്മിറ്റികളുടെ കാലാവധി എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) ബഹു. ജസ്റ്റീസ് കെ. റ്റി. തോമസ് (റിട്ട.) ചെയർമാനായി നാല് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് 11-11-2003-ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ജി. ഒ. (പി) നമ്പർ 161/03/ഉ. വി. വ. അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി, ഡി) പ്രസ്തുത കമ്മിറ്റികളുടെ കാലാവധി മൂന്നു വർഷമാണ്.

പ്രൊഫഷണൽ മേഖലയിൽ ആരംഭിച്ച അൺ-എയിഡഡ് കോളേജുകൾ

123 [675] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പ്രൊഫഷണൽ മേഖലയിൽ എത്ര അൺ-എയിഡഡ് മെഡിക്കൽ, എഞ്ചിനിയറിംഗ്, ഡന്റൽ, നേഴ്സിംഗ് മാനേജ്മെന്റ് സ്റ്റഡീസ് തുടങ്ങിയ കോളേജുകൾ ആരംഭിക്കാൻ എൻ. ഒ. സി. നൽകിയെന്നും ഇവയിൽ ആരംഭിച്ച കോളേജുകൾ ഏതെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(ബി) ഓരോ മേഖലയിലും തൻമൂലം പ്രതിവർഷം എത്ര വിദ്യാർത്ഥികൾക്ക് പഠിക്കാൻ അവസരം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പ്രൊഫഷണൽ മേഖലയിൽ ആരംഭിക്കുവാൻ എൻ. ഒ. സി. നൽകിയ വിവിധ കോളേജുകളെ സംബന്ധിക്കുന്ന വിശദാംശം ചുവടെചേർക്കുന്നു:

മെഡിക്കൽ കോളേജുകൾ	..	59
ഡന്റൽ കോളേജുകൾ	..	43
നഴ്സിംഗ് കോളേജുകൾ	..	61
എൻജിനീയറിംഗ് കോളേജുകൾ	..	88
എം. ബി. എ. സ്ഥാപനങ്ങൾ	..	48

ഇവയിൽ ആരംഭിച്ച കോളേജുകളെ സംബന്ധിക്കുന്ന വിശദാംശം ചുവടെചേർക്കുന്നു.

മെഡിക്കൽ കോളേജുകൾ (അനുബന്ധം-1)†	..	6
ഡെന്റൽ കോളേജുകൾ (അനുബന്ധം-1)†	..	6
നഴ്സിംഗ് കോളേജുകൾ (അനുബന്ധം-2)†	..	29
എഞ്ചിനിയറിംഗ് കോളേജുകൾ (അനുബന്ധം-3)†	..	48
എം. ബി. എ. സ്ഥാപനങ്ങൾ (അനുബന്ധം-4)†	..	10

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly